Draft #4 of File 17799/AC A1-3/2020/AC A 1 (PART-I) Approved by Registrar on 09-Jul-2020 01:22 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.17799/AC A1-3/2020/AC A 1 തീയതി: 09.07.2020

**<u>വിജ്ഞാപനം</u>**

പരാമർശം: 1. സർവ്വകലാശാല വിജ്ഞാപനം.നം.17799/ACA1-3/2020/ACA1 തീയതി 11.06.2020
2. സർക്കാർ ഉത്തരവ് (സാധ)നം.748/2020/ഉ.വി.വ തീയതി 09.06.2020
3. പുറത്തെഴുത്ത് നം. 17799/ACA1-3/2020/ACA1(PART-1) തീയതി 02.07.2020
4. സർവ്വകലാശാല ഉത്തരവ് നം. 3048/AC A1/2020/എംജിയു തീയതി 07.07.2020

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് താഴെപ്പറയുന്ന രീതിയിൽ 2020-21 വർഷം മാർജിനൽ വർദ്ധനവ് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

- ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 70 സീറ്റ് വരെ.
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 30 സീറ്റ് വരെ

ഉന്നത വിദ്യാഭ്യാസ വകുപ്പ്, പരാമർശം (2) പ്രകാരം സംസ്ഥാനത്തെ മുഴുവൻ ആർട്സ് & സയൻസ് കോളേജുകളിലും ബിരുദ - ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അനുവദനീയമായ സീറ്റുകളിലേയ്ക്ക്, കോളേജുകളുടെ സൗകര്യമനുസരിച്ച് നിലവിലുള്ള നിയമപ്രകാരവും സർക്കാരിന് അധിക ധനബാധ്യത ഉണ്ടാവാത്ത രീതിയിലും 2020-21 അദ്ധ്യയന വർഷം താഴെപ്പറയും പ്രകാരം വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1. ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ് വരെ വർദ്ധനവ് നൽകാവുന്നതാണ്.
2. സയൻസ് വിഷയങ്ങൾക്ക് പരമാവധി 25 സീറ്റുകൾ എന്ന രീതിയിലും, ആർട്സ്-കോമേഴ്സ് വിഷയങ്ങൾക്ക് പരമാവധി 30 സീറ്റുകൾ എന്ന രീതിയിലും ബിരുദാനന്തര ബിരുദ പ്രോഗ്രാമു കളിലേയ്ക്ക് വർദ്ധനവ് അനുവദിക്കുന്നതാണ്.

പരാമർശം (3) പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. അതനുസരിച്ച്, **മാർജിനൽ വർദ്ധനവിനു ശേഷവും, സീറ്റുകൾ ആവശ്യമുള്ള കോളെജുകൾക്ക് സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന <u>പരിധിക്കകത്തു</u> നിന്നു കൊണ്ട് 2020-21 അക്കാദമിക വർഷത്തേക്ക് മാത്രമായി സീറ്റുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പി**ക്കാവുന്നതാണ്. പരാമർശം (4) ഉത്തരവ് അനുസരിച്ച്, ***സീറ്റ് വർദ്ധനവ് ആവശ്യമുള്ള കോളേജുകൾ പ്രോഗ്രാം ഒന്നിന് 7500/- (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിൽ ഫീസടച്ചുള്ള അപേക്ഷകൾ സർവകലാശാലയുടെ പൊതു പ്രവേശന പോർട്ടലിലൂടെ (www.admission.mgu.ac.in) ഓൺലൈനായി 18.07.2020 തീയതിക്കകം സമർപ്പിക്കേണ്ടതാണ്. ഇത് വഴിയല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.*** സീറ്റ് വർദ്ധനവ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ആവശ്യമുള്ള പോഗ്രാമുകൾ, അനുവദിച്ചിട്ടുള്ള സീറ്റുകൾ, സീറ്റ് വർദ്ധനവ് വഴി ആവശ്യമുള്ള സീറ്റുകൾ എന്നിവ അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം. അധിക സീറ്റ് അനുവദിക്കുമ്പോൾ സർക്കാരിനോ സർവ്വകലാശാലയ്ക്കോ അധിക ബാധ്യത ഉണ്ടാവാൻ പാടില്ല.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1.എല്ലാ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാർ
2.വൈസ് ചാൻസിലറുടെ പി.എസ് /പ്രൊ-വൈസ് ചാൻസിലറുടെ പി.എസ്
3.രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ മാർ
4.എസി.എ7/എസി.ബി.6/എസി.ബി.7/എ.സി.സി/എ.റ്റി.ആർ.
5.കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/CITAD
6. ബന്ധപ്പെട്ട പരീക്ഷ വിഭാഗങ്ങൾ
7. പി.ആർ.ഒ
8.കരുതൽ ഫയൽ /ഫയൽ കോപ്പി /റെക്കോർഡ്സ്

Draft #4 of File 17799/AC A1-3/2020/AC A 1 (PART-I) Approved by Registrar on 09-Jul-2020 01:22 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 17799/AC A1-3/2020/AC A 1 (PART-I) Approved by Registrar on 09-Jul-2020 01:22 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം